**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം-രണ്ടാം ഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായ വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2015 ഓഗസ്റ്റ് 17ന് അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി കേരള സർക്കാർ ഏർപ്പെട്ട കൺസഷൻ കരാർ പ്രകാരം, 2045ന് മുൻപോ, അല്ലെങ്കിൽ, തുറമുഖത്തിന്റെ പ്രവർത്തനം വാർഷിക സ്ഥാപിത ശേഷിയുടെ 75 ശതമാനം തുടർച്ചയായി മൂന്ന് വർഷങ്ങളിൽ കൈവരിക്കാൻ കഴിഞ്ഞാൽ അതിനു ശേഷമുള്ള അഞ്ചു വർഷത്തിനുള്ളിലോ മാത്രം രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനം പൂർത്തിയാക്കുക യെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ, 2024- ൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കണമെന്നാണ് നിശ്ചയിച്ചിരി ക്കുന്നത്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർ ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 2026 ജനുവരി 24 ന് നിർവഹിക്കുകയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കുന്നതാണ്. ടി വികസന പ്രവർത്തനങ്ങളുടെ ചെലവായി കണക്കാക്കിയിട്ടുള്ളത് ഏകദേശം 7500 കോടി രൂപയാണ്. കൂടുതൽ സ്ഥാപിത ശേഷി (ഏകദേശം 5.7 ദശലക്ഷം TEU) തുറമുഖത്തിന് സാദ്ധ്യമാക്കുന്നതിനായി 15,785 കോടി രൂപ മുതൽ മുടക്കുന്നതാണ്. പ്രസ്തുത തുകകൾ പൂർണമായും കൺസഷണയറായ AVPPL ആണ് വഹിക്കുന്നത്.<br><br>തുടർഘട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 1200 മീറ്റർ കൂടി നീട്ടി, ആകെ 2000 മീറ്റർ ആയി വികസിപ്പിക്കും. നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് |

920 മീറ്റർ കൂടി നിർമ്മിച്ച്, 3.88 കിലോമീറ്റർ ആയും വർധിപ്പിക്കും. കടൽ നികത്തിയാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്ന തെന്നതിനാൽ അധികഭൂമി ഏറ്റെടുക്കേണ്ട ആവശ്യ വുമില്ല. ഒന്നാം ഘട്ടത്തിൽ കടൽ നികത്തിയെടുത്ത 66 ഹെക്ടർ ഭൂമിക്ക് പുറമേ തുടർ ഘട്ടങ്ങൾക്കായി ഏകദേശം 50 ഹെക്ടർ ഭൂമികൂടി കടൽ നികത്തി വികസിപ്പിക്കുകയാണ് ലക്ഷ്യം. തുറമുഖത്ത് ക്രെയിനുകൾ, ടഗ്ഗുകൾ മുതലായ കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാന ങ്ങൾ ഒരുക്കുകയുമാണ് ഇനിയുള്ള മറ്റ് പദ്ധതികൾ. നിലവിലുള്ള 8 ഷിപ് ടു ഷോർ (എസ് ടി എസ്) ക്രെയിനുകൾക്ക് പുറമേ 12 പുതിയ എസ് ടി എസ് ക്രെയിനുകളും 24 യാർഡ് ക്രെയിനുകൾക്കൊപ്പം 27 പുതിയ യാർഡ് ക്രെയിനുകളും സ്ഥാപിക്കും. അത്യാധുനി കമായ ക്രെയിനുകളും ഓട്ടോമേഷൻ സംവിധാനങ്ങളും തുറമുഖത്തിന്റെ പ്രവർത്തനശേഷിയും ക്ഷമതയും ഗണ്യമായി ഉയർത്തും.

തുറമുഖത്തിന്റെ ഒന്നാം ഘട്ടം 24,000 ടിഇയു ശേഷിയുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയി ലാണ് വികസിപ്പിച്ചിട്ടുള്ളത്. തുടർഘട്ടങ്ങൾ പൂർത്തിയാ കുന്നതോടെ 28,840 ടിഇയു വരെ ശേഷിയുള്ള വരുംതലമുറ കണ്ടെയ്നർ കപ്പലുകളെയും കൈകാര്യം ചെയ്യാൻ തുറമുഖം സജ്ജമാകും. ഇപ്പോൾ രൂപകൽപനാ ഘട്ടത്തിൽ മാത്രമുള്ള ഇത്തരം കപ്പലുകളെക്കൂടി ഉദ്ദേശിച്ചുള്ള വികസനം, വിഴിഞ്ഞം തുറമുഖത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനം സാധ്യമാക്കുന്ന തിന് നടത്തുന്ന ആസൂത്രണമാണ്.

2028 ഓടെ ഒരേ സമയം 5 മദർ ഷിപ്പുകൾ വരെ തുറമുഖത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. 2000 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്ത് പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ടെയ്നർ ബെർത്ത് എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കും. തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം ടി ഇ യുവിൽ നിന്ന് 30 ലക്ഷം ആയി വർധിക്കും. കൂടുതൽ ക്രെയിനുകൾ, ആധുനിക ഓട്ടോമേഷൻ, ഉയർന്ന ഓപ്പറേഷണൽ കാര്യക്ഷമത എന്നിവയിലൂടെ തുറമുഖത്തിന്റെ പ്രതിവർഷ കൈകാര്യ ശേഷി 57 ലക്ഷം ടി ഇ യു വരെയായി ഉയർത്താൻ കഴിയുമെന്നതാണ് മറ്റൊരു നേട്ടം.

| | | | |
|---|---|---|---|
| | | | സപ്ലിമെന്ററി കൺസഷൻ കരാറിൽ നിശ്ചയിച്ച പ്രകാരം തുറമുഖത്തിന്റെ തുടർ വികസന പ്രവർത്തനങ്ങൾ 2028 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുന്നതിന് അനുസൃതമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായാണ് മുന്നോട്ട് പോകുന്നത്. കണ്ടെയ്നർ ബെർത്തിന്റെയും പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി തുറമുഖത്തു നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. 2015 ഓഗസ്റ്റ് 17ന് അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി കേരള സർക്കാർ ഏർപ്പെട്ട കൺസഷൻ കരാർ പ്രകാരം, 2045ന് മുൻപോ, അല്ലെങ്കിൽ, തുറമുഖത്തിന്റെ പ്രവർത്തനം വാർഷിക സ്ഥാപിത ശേഷിയുടെ 75 ശതമാനം തുടർച്ചയായി മൂന്ന് വർഷങ്ങളിൽ കൈവരിക്കാൻ കഴിഞ്ഞാൽ അതിനു ശേഷമുള്ള അഞ്ചു വർഷത്തിനുള്ളിലോ മാത്രം രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനം പൂർത്തിയാക്കുകയെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ, 2024- ൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കണമെന്നാണ് നിശ്ചയിച്ചിരി ക്കുന്നത്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർ ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 2026 ജനുവരി 24 ന് നിർവഹിക്കു കയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കുന്നതാണ്. ടി വികസന പ്രവർത്തനങ്ങളുടെ ചെലവായി കണക്കാക്കിയിട്ടുള്ളത് ഏകദേശം 7500 കോടി രൂപയാണ്. കൂടുതൽ സ്ഥാപിതശേഷി (ഏകദേശം 5.7 ദശലക്ഷം TEU) തുറമുഖത്തിന് സാദ്ധ്യമാക്കുന്നതിനായി 15,785 കോടി രൂപ മുതൽ മുടക്കുന്നതാണ്. പ്രസ്തുത തുകകൾ പൂർണമായും കൺസഷണയറായ AVPPL ആണ് വഹിക്കുന്നത്.<br><br>തുടർഘട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 1200 മീറ്റർ കൂടി നീട്ടി, ആകെ 2000 മീറ്റർ ആയി വികസിപ്പിക്കും. നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് 920 മീറ്റർ കൂടി നിർമ്മിച്ച്, 3.88 കിലോമീറ്റർ ആയും വർധിപ്പിക്കും. കടൽ നികത്തിയാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്ന തെന്നതിനാൽ അധികഭൂമി ഏറ്റെടുക്കേണ്ട ആവശ്യവുമില്ല. ഒന്നാം ഘട്ടത്തിൽ കടൽ നികത്തിയെടുത്ത 66 ഹെക്ടർ |

ഭൂമിക്ക് പുറമേ തുടർ ഘട്ടങ്ങൾക്കായി ഏകദേശം 50 ഹെക്ടർ ഭൂമികൂടി കടൽ നികത്തി വികസിപ്പിക്കുകയാണ് ലക്ഷ്യം. തുറമുഖത്ത് ക്രെയിനുകൾ, ടഗ്ഗുകൾ മുതലായ കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാനങ്ങൾ ഒരുക്കുകയുമാണ് ഇനിയുള്ള മറ്റ് പദ്ധതികൾ. നിലവിലുള്ള 8 ഷിപ് ടു ഷോർ (എസ് ടി എസ്) ക്രെയിനുകൾക്ക് പുറമേ 12 പുതിയ എസ് ടി എസ് ക്രെയിനുകളും 24 യാർഡ് ക്രെയിനുകൾക്കൊപ്പം 27 പുതിയ യാർഡ് ക്രെയിനുകളും സ്ഥാപിക്കും. അത്യാധുനികമായ ക്രെയിനുകളും ഓട്ടോമേഷൻ സംവിധാനങ്ങളും തുറമുഖത്തിന്റെ പ്രവർത്തനശേഷിയും ക്ഷമതയും ഗണ്യമായി ഉയർത്തും.

തുറമുഖത്തിന്റെ ഒന്നാം ഘട്ടം 24,000 ടിഇയു ശേഷിയുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലാണ് വികസിപ്പിച്ചിട്ടുള്ളത്. തുടർഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ 28,840 ടിഇയു വരെ ശേഷിയുള്ള വരുംതലമുറ കണ്ടെയ്നർ കപ്പലുകളെയും കൈകാര്യം ചെയ്യാൻ തുറമുഖം സജ്ജമാകും. ഇപ്പോൾ രൂപകൽപനാ ഘട്ടത്തിൽ മാത്രമുള്ള ഇത്തരം കപ്പലുകളെക്കൂടി ഉദ്ദേശിച്ചുള്ള വികസനം, വിഴിഞ്ഞം തുറമുഖത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനം സാധ്യമാക്കുന്നതിന് നടത്തുന്ന ആസൂത്രണമാണ്.

2028 ഓടെ ഒരേ സമയം 5 മദർ ഷിപ്പുകൾ വരെ തുറമുഖത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. 2000 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്ത് പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ടെയ്നർ ബെർത്ത് എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കും. തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം ടി ഇ യുവിൽ നിന്ന് 30 ലക്ഷം ആയി വർധിക്കും. കൂടുതൽ ക്രെയിനുകൾ, ആധുനിക ഓട്ടോമേഷൻ, ഉയർന്ന ഓപ്പറേഷണൽ കാര്യക്ഷമത എന്നിവയിലൂടെ തുറമുഖ ത്തിന്റെ പ്രതിവർഷ കൈകാര്യ ശേഷി 57 ലക്ഷം ടി ഇ യു വരെയായി ഉയർത്താൻ കഴിയുമെന്നതാണ് മറ്റൊരു നേട്ടം.

സപ്ലിമെന്ററി കൺസഷൻ കരാറിൽ നിശ്ചയിച്ച പ്രകാരം തുറമുഖത്തിന്റെ തുടർ വികസന പ്രവർത്തനങ്ങൾ 2028 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുന്നതിന് അനുസൃതമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായാണ് മുന്നോട്ടു പോകുന്നത്. കണ്ടെയ്നർ ബെർത്തി ന്റെയും

| | | | |
|---|---|---|---|
| | | | പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. |
| (സി) | രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നിശ്ചയിക്കപ്പെട്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നുണ്ടോ; അറിയിക്കുമോ; | (സി) | ഉണ്ട്. 2015 ഓഗസ്റ്റ് 17ന് അദാനി വിഴിഞ്ഞം പോർട്ട് ലിമിറ്റഡുമായി കേരള സർക്കാർ ഏർപ്പെട്ട കൺസഷൻ കരാർ പ്രകാരം, 2045ന് മുൻപോ, അല്ലെങ്കിൽ, തുറമുഖത്തിന്റെ പ്രവർത്തനം വാർഷിക സ്ഥാപിത ശേഷിയുടെ 75 ശതമാനം തുടർച്ചയായി മൂന്ന് വർഷങ്ങളിൽ കൈവരിക്കാൻ കഴിഞ്ഞാൽ അതിനു ശേഷമുള്ള അഞ്ചു വർഷത്തിനുള്ളിലോ മാത്രം രണ്ടും മൂന്നും നാലും ഘട്ടങ്ങളുടെ വികസനം പൂർത്തിയാക്കുകയെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ, 2024- ൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കണമെന്നാണ് നിശ്ചയിച്ചിരി ക്കുന്നത്.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർ ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 2026 ജനുവരി 24 ന് നിർവഹിക്ക കയുണ്ടായി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ 2028 ഡിസംബറിൽ പൂർത്തിയാക്കുന്നതാണ്. ടി വികസന പ്രവർത്തനങ്ങളുടെ ചെലവായി കണക്കാക്കിയിട്ടുള്ളത് ഏകദേശം 7500 കോടി രൂപയാണ്. കൂടുതൽ സ്ഥാപിതശേഷി (ഏകദേശം 5.7 ദശലക്ഷം TEU) തുറമുഖത്തിന് സാദ്ധ്യമാക്കുന്നതിനായി 15,785 കോടി രൂപ മുതൽ മുടക്കുന്നതാണ്. പ്രസ്തുത തുകകൾ പൂർണമായും കൺസഷണയറായ AVPPL ആണ് വഹിക്കുന്നത്.<br><br>തുടർഘട്ടങ്ങളുടെ വികസനത്തിന്റെ ഭാഗമായി, നിലവിലെ 800 മീറ്റർ കണ്ടെയ്നർ ബെർത്ത് 1200 മീറ്റർ കൂടി നീട്ടി, ആകെ 2000 മീറ്റർ ആയി വികസിപ്പിക്കും. നിലവിലുള്ള 2.96 കിലോമീറ്റർ പുലിമുട്ട് 920 മീറ്റർ കൂടി നിർമ്മിച്ച്, 3.88 കിലോമീറ്റർ ആയും വർധിപ്പിക്കും. കടൽ നികത്തിയാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തുന്ന തെന്നതിനാൽ അധികഭൂമി ഏറ്റെടുക്കേണ്ട ആവശ്യവുമില്ല. ഒന്നാം ഘട്ടത്തിൽ കടൽ നികത്തിയെടുത്ത 66 ഹെക്ടർ ഭൂമിക്ക് പുറമേ തുടർ ഘട്ടങ്ങൾക്കായി ഏകദേശം 50 ഹെക്ടർ ഭൂമികൂടി കടൽ നികത്തി വികസിപ്പിക്കുകയാണ് ലക്ഷ്യം. തുറമുഖത്ത് ക്രെയിനുകൾ, ടഗ്ഗുകൾ മുതലായ കൂടുതൽ യന്ത്രോപകരണങ്ങൾ സ്ഥാപിക്കുകയും ആധുനിക ഓട്ടോമേഷൻ സംവിധാനങ്ങൾ ഒരുക്കുകയുമാണ് |

ഇനിയുള്ള മറ്റ് പദ്ധതികൾ. നിലവിലുള്ള 8 ഷിപ് ടു ഷോർ (എസ് ടി എസ്) ക്രെയിനുകൾക്ക് പുറമേ 12 പുതിയ എസ് ടി എസ് ക്രെയിനുകളും 24 യാർഡ് ക്രെയിനുകൾക്കൊപ്പം 27 പുതിയ യാർഡ് ക്രെയിനുകളും സ്ഥാപിക്കും. അത്യാധുനികമായ ക്രെയിനുകളും ഓട്ടോമേഷൻ സംവിധാനങ്ങളും തുറമുഖത്തിന്റെ പ്രവർത്തനശേഷിയും ക്ഷമതയും ഗണ്യമായി ഉയർത്തും.

തുറമുഖത്തിന്റെ ഒന്നാം ഘട്ടം 24,000 ടിഇയു ശേഷിയുള്ള ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിലാണ് വികസിപ്പിച്ചിട്ടുള്ളത്. തുടർഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ 28,840 ടിഇയു വരെ ശേഷിയുള്ള വരുംതലമുറ കണ്ടെയ്നർ കപ്പലുകളെയും കൈകാര്യം ചെയ്യാൻ തുറമുഖം സജ്ജമാകും. ഇപ്പോൾ രൂപകൽപനാ ഘട്ടത്തിൽ മാത്രമുള്ള ഇത്തരം കപ്പലുകളെക്കൂടി ഉദ്ദേശിച്ചുള്ള വികസനം, വിഴിഞ്ഞം തുറമുഖത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള വികസനം സാധ്യമാക്കുന്നതിന് നടത്തുന്ന ആസൂത്രണമാണ്.

2028 ഓടെ ഒരേ സമയം 5 മദർ ഷിപ്പുകൾ വരെ തുറമുഖത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. 2000 മീറ്റർ നീളമുള്ള കണ്ടെയ്നർ ബെർത്ത് പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ കണ്ടെയ്നർ ബെർത്ത് എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കും. തുറമുഖത്തിന്റെ പ്രതിവർഷ ശേഷി 10 ലക്ഷം ടി ഇ യുവിൽ നിന്ന് 30 ലക്ഷം ആയി വർധിക്കും. കൂടുതൽ ക്രെയിനുകൾ, ആധുനിക ഓട്ടോമേഷൻ, ഉയർന്ന ഓപ്പറേഷണൽ കാര്യക്ഷമത എന്നിവയിലൂടെ തുറമുഖ ത്തിന്റെ പ്രതിവർഷ കൈകാര്യ ശേഷി 57 ലക്ഷം ടി ഇ യു വരെയായി ഉയർത്താൻ കഴിയുമെന്നതാണ് മറ്റൊരു നേട്ടം.

സപ്ലിമെന്ററി കൺസഷൻ കരാറിൽ നിശ്ചയിച്ച പ്രകാരം തുറമുഖത്തിന്റെ തുടർ വികസന പ്രവർത്തനങ്ങൾ 2028 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കുന്നതിന് അനുസൃതമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുമായാണ് മുന്നോട്ടു പോകുന്നത്. കണ്ടെയ്നർ ബെർത്തി ന്റെയും പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

| | | | |
|---|---|---|---|
| (ഡി) | രണ്ടാം ഘട്ട വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി തുറമുഖ പ്രവർത്തനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ; വിശദീകരിക്കാമോ? | (ഡി) | സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പ് വച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിനു ലഭിച്ചു തുടങ്ങുന്നതാണ്. 2035-ൽ വരുമാന വിഹിതത്തിന്റെ 1 % സംസ്ഥാനത്തിന് ലഭിക്കും. ഇത് വർഷാവർഷം 1 % വീതം വർദ്ധിച്ച് പരമാവധി 40% വരെ ലഭിക്കുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം സാധ്യമാകുന്നതോടെ വിവിധ തുറമുഖാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ സാദ്ധ്യമാവുകയും ഇതുമൂലം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിക്കുകയും ചെയ്യും. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1. വ്യാപാരവും കയറ്റുമതിയും വർദ്ധിപ്പിക്കൽ<br><br>• പ്രതിവർഷം 3 ദശലക്ഷം TEU-കൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്നതോടെ, വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ ഗണ്യമായി വർധിക്കും. ഇത് കാർഷിക ഉൽപ്പന്നങ്ങൾ, സമുദ്രോത്പന്നങ്ങൾ, എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാക്കുകയും, ആഗോള വിപണിയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.<br>• വിദേശ ട്രാൻസ്‌ഷിപ്‌മെന്റ് ഹബ്ബുകളിലുള്ള ആശ്രയത്വം കുറയുന്നത് ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും. ഇത് കേരളത്തിലെ കയറ്റുമതിക്കാർക്ക് കൂടുതൽ മത്സരക്ഷമത നൽകും.<br><br>2. സമുദ്ര വ്യാപാര ലോജിസ്റ്റിക് ഹബ്ബായി മാറാനുള്ള സാധ്യത.<br><br>• വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്ന താണ്. ഇത് തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കും.<br>• ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമാണ കേന്ദ്രങ്ങളും |

രൂപപ്പെടുകയും, അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.

3.തൊഴിലവസരങ്ങളും നൈപുണ്യ വികസനവും

- തുറമുഖത്തിന്റെ വികസനം കാർഗോ കൈകാര്യം ചെയ്യൽ, ഷിപ്പിംഗ് സേവനങ്ങൾ, ലോജിസ്റ്റിക്സ്, ഗതാഗതം, തുറമുഖ പരിപാലനം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശാക്തീകരിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും, പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

4.പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്ടിവിറ്റിക്കും ഉത്തേജനം

- വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ കണക്ടിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലുകൾക്ക് വഴിയൊ രുക്കും. ഇത് കേരളത്തിന്റെ ഉൾപ്രദേശങ്ങളെ ദേശീയ, അന്തർദേശീയ വിപണികളുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കും.
- മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.

5. ദീർഘകാല സാമ്പത്തിക വളർച്ച

കേരളം ഒരു പ്രധാന സമുദ്രവാണിജ്യ കവാടമായി മാറുന്നതോടെ, ആഗോള ഷിപ്പിംഗ് കമ്പനികളെയും നിക്ഷേപകരെയും ആകർഷിക്കും. ഇത് അന്താരാഷ്ട്ര വിതരണ ശൃംഖലകളിൽ (International supply chains) സംസ്ഥാനത്തിന് നിർണ്ണായകമായ ഒരു സ്ഥാനം നേടിക്കൊടുക്കും.

സെക്ഷൻ ഓഫീസർ